**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3587** **08-10-2025 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കി മാറ്റുന്നതിനായി നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ;വ്യക്തമാക്കാമോ; | (എ) | കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിന് സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുള്ളതും നിർദ്ദിഷ്ട സൈറ്റിൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന് വില്ലേജ് ഓഫീസിന് 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. കൂടാതെ, പള്ളിക്കൽ വില്ലേജ് ഓഫീസിനെ (കൊണ്ടോട്ടി താലൂക്ക്) സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും അരിയല്ലൂർ വില്ലേജ് ഓഫീസിനായി (തിരൂരങ്ങാടി താലൂക്ക്) 2025-26 സാമ്പത്തിക വർഷത്തിൽ നവീകരണത്തിനായുള്ള ഭരണാനുമതി നൽകിയതിൻ പ്രകാരം ആയതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ